**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1210 **20.03.2012** - ലെ മറുപടിയ്ക്ക്

## റാന്നിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**ഉത്തരം**
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പു മന്ത്രി)

എ) റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കാമോ; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത് ; ഫേസ് ഒന്നിൽ അധികമായി നിർമ്മിക്കുന്ന ബ്ലോക്കുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്തൊക്കെ നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

എ) റാന്നി മിനി സിവിൽ സ്റ്റേഷനിൽ ബ്ളോക്ക് 1, ബ്ളോക്ക് 2, എന്നീ 2 കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത്. ബ്ളോക്ക് രണ്ടിന്റെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ് നടക്കുന്നത്. ഇതിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിക്കാറായി. പകൽ സമയത്ത് ശബ്ദായമാനമായ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് സമീപത്ത് പ്രവൃത്തിക്കുന്ന കോടതി അനുവദിക്കാത്തതിനാൽ നിശ്ചിത സമയത്ത് പണി പൂർത്തീകരിക്കുവാൻ കഴിയില്ല. കോടതിയിലേക്കുള്ള റോഡിന്റെ സമീപത്ത് പണിയുവാൻ ഉദ്ദേശിച്ചിട്ടുള്ള ബ്ളോക്ക് 1 ന്റെ പ്രവൃത്തി, സമീപത്തുള്ള റോഡിൽ മണ്ണ് വീഴാതെ സ്ഥലം നിരപ്പാക്കാൻ സാധിക്കാത്തതിനാൽ ബ്ളോക്ക് 1 ന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ 8 മാസമായി

നിർത്തിവെച്ചിരിക്കുകയാണ്. കോടതി പ്രസ്തുത സ്ഥലത്ത് നിന്നും മാറ്റി ഒരു വാടക കെട്ടിടത്തിൽ പ്രവൃത്തിപ്പിക്കുകയാണ് തടസ്സം ഒഴിവാക്കാനുള്ള ഏക പോംവഴി. അതിനായി വാടക കെട്ടിടം കണ്ട് പിടിക്കുകയും പ്രസ്തുത കെട്ടിടത്തിന് വാടക നിശ്ചയിച്ച് ജില്ലാ ജഡ്ജിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കോടതി മാറ്റുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ ജഡ്ജിയെ അറിയിച്ചിട്ടുണ്ട്.

ഒന്നാംഘട്ട നിർമ്മാണത്തിൽ അധികമായി നിർമ്മിക്കാൻ തീരുമാനിച്ചത് ബ്ളോക്ക് 1 ന്റെ ഇപ്പോഴുള്ള മൂന്നു നിലയ്ക്ക് പുറമെ രണ്ട് നിലകൾ കൂടി പണിയാനാണ്. എന്നാൽ ബ്ളോക്ക് 1 ന്റെ പണി തുടങ്ങാത്തതിനാൽ അധിക നിലകളുടെ ഭരണാനുമതിക്കു വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടില്ല

| | |
|---|---|
| ബി) റാന്നി സബ്ട്രഷറി കെട്ടിടത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ; പണി എന്ന് തീർക്കാനായിരുന്നു കരാർ; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; പണി വൈകുന്നതിന്റെ കാരണം വ്യക്തമാ- | ബി) റാന്നി സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം 16.04.2010 ലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വർക്ക് ഓർഡർ പ്രകാരം ആരംഭിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം സ്ഥലം കൈമാറിയത് മുതൽ 9 മാസമാണ് പ്രവൃത്തിയുടെ കാലാവധി. |

ക്കാമോ; നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

പ്ളാസ്റ്ററിംഗ് ഉൾപ്പെടെയുള്ള സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചു. പെയിന്റിംഗ് വർക്ക്, ജനലുകളുടെയും വാതിലുകളുടെയും പ്രവൃത്തികൾ, ഫാൾസ് സീലിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് പൂർത്തീകരിക്കുവാൻ ഉള്ളത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ കാരണമാണ് പണി വൈകാനിടയായത് താത്കാലികമായി മുടങ്ങികിടന്ന പണികൾ പുനരാരംഭിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) റാന്നി - ഇട്ടിയപ്പാറ ശബരിമല പിൽഗ്രീം സെന്ററി ന്റെ 1 -ാം ഘട്ടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; ഇതിന്റെ 2-ാം ഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

സി) റാന്നി ഇട്ടിയപ്പാറ പിൽഗ്രീം സെന്ററിന്റെ 1-ാം ഘട്ടത്തിന്റെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. പണിയുടൻ തന്നെ ആരംഭിക്കുന്നതാണ്. ഒന്നാം ഘട്ടം തുടങ്ങാത്തതിനാൽ രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പൈൽ ഫൗണ്ടേഷൻ, ഗ്രൗണ്ട് ഫ്ളോർ, സെക്കന്റ് ഫ്ളോർ എന്നീ നിലകൾക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരികയാണ്.

ഡി) റാന്നി പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണിക്കും, പുതിയ മുറികൾ

ഡി) റാന്നി പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്കിന്റെ അറ്റകുറ്റപ്പണിക്കും,

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നതിനുമായി എത്രരൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത്; ഇതിന് അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | | പുതിയ മുറികൾ നിർമ്മിക്കുന്നതിനുമായി 09/11/2011 തീയതിയിലെ ജി.ഒ(ആർറ്റി)നം.1540/2011/പൊ.മ.വ. പ്രകാരം 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3,74,807/- രൂപയുടെ പ്രവൃത്തി ടെന്റർ ചെയ്തിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ നിർമ്മാണങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; നിർമ്മാണ പുരോഗതി വിശദമാക്കാമോ; | ഇ) | വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ഇപ്പോൾ കോളം ഫൂട്ടിംഗിന്റെ പണി പുരോഗതിയിലാണ്. |
| എഫ്) | റാന്നി ടി . എച്ച് . ക്യൂ വിനുവേണ്ടി പണിയുന്ന ഒ.പി.ബ്ലോക്കിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്; ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | എഫ്) | നാലു നിലകളുള്ള റാന്നി ടി . എച്ച് . ക്യൂ വിനുവേണ്ടി പണിയുന്ന ഒ.പി. ബ്ലോക്കിന്റെ നാലാം നിലയുടെ റൂഫ് വാർക്കുന്നതിനുള്ള ജോലികൾ അന്തിമഘട്ടത്തിലാണ്. പൂർത്തീകരിച്ച നിലകളിലെ ഭിത്തികളുടെയും ലിന്റലുകളുടെയും പണികൾ നടന്നു കൊണ്ടിരിക്കുന്നു.<br>നാലാം നിലയുടെ റൂഫ് വാർക്കൽ, ഭിത്തികളുടെയും ലിന്റലുകളുടെയും ബാക്കി പണികൾ ഭിത്തിയുടെ തേപ്പ്, തറയിൽ ടൈൽസ് ഇടുക, വാഷ് ബേസിൻ, ടോയിലറ്റ് തുടങ്ങിയവയുടെ പ്ളംബിംഗ് പണികൾ, ഫിറ്റിംഗ്സ് പണികൾ, ലിഫ്റ്റ് ഇലക്ട്രിഫിക്കേഷൻ |

പണികൾ എന്നിവയാണ് പൂർത്തീകരിക്കുവാനുള്ള ജോലികൾ.

കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട കാലാവധി 17.08.2012 ആണ്.

ഒപ്പ്

**സെക്ഷൻ ഓഫീസർ**